# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

**ഏറണാകുളം ജില്ലയിൽ  കണയന്നൂർ താലൂക്കിൽ**
**ഇടപ്പള്ളി സൗത്ത് വില്ലേജിൽ**
**വെണ്ണല സീവേജ് പ്ലാന്റിനുവേണ്ടിയുള്ള**
**സ്ഥലം ഏറ്റെടുക്കൽ നടപടി**

# അന്തിമ റിപ്പോർട്ട്

**സമർപ്പിച്ച തിയ്യതി : 18/7/2024**

തയ്യാറാക്കിയത്:
**വി.കെ. കൺസൽട്ടൻസി സെന്റർ**
എസ്.ഐ.എ. സ്റ്റഡി യൂണിറ്റ്
തിക്കോടി, കോഴിക്കോട് ജില്ല, പിൻ : 673 529

## ഉള്ളടക്കം

**സാമൂഹ്യ പ്രത്യാഘത പഠന റിപ്പോർട്ട്**
**( അധ്യായം 1 - 6)**


അധ്യായം 1. പഠനത്തിന്റെ സംക്ഷിപ്ത രൂപം

2. പദ്ധതിയുടെ വിശദവിവരങ്ങൾ

3. പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

4. സ്ഥലത്തന്റെ മൂല്യ നിർണ്ണയം

5. ആഘാത ബാധിത കുടുംബങ്ങളെ കുറിച്ചും വസ്തുവഹകളെ കുറിച്ചുമുള്ള കണക്ക്

6. സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പശ്ചാത്തലം (പദ്ധതി പ്രദേശവും പുനഃസ്ഥാപന പ്രദേശവും)


**സാമൂഹ്യപ്രത്യാഘാത നിർവ്വഹണ പദ്ധതി**
**( അധ്യായം 7 - 11)**


അധ്യായം 7. സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

8. സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി സ്ഥാപന സംവിധാനം

9. സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

10. സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി- മേൽനോട്ടവും മൂല്യ നിർണ്ണയവും

11. നേട്ടങ്ങളും നഷ്ടങ്ങളും - അപഗ്രഥനം, ശുപാർശകൾ

12. പൊതുവിചാരണ (Public hearing)

## അദ്ധ്യായം 1

# പഠനത്തിന്റെ സംക്ഷിപ്ത രൂപം

### 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും.

സമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിനും അതോടൊപ്പംതന്നെ രാജ്യത്തിന്റെ അഭിവൃദ്ധിക്കും വികസനപദ്ധതികൾ അനിവാര്യമാണ്. ഇത്തരം വികസന പദ്ധതികൾ ലക്ഷ്യം വയ്ക്കുന്നത് അടിസ്ഥാന സൗകര്യം, വിദ്യാഭ്യാസം, സാമ്പത്തികം മുതലായ എല്ലാ തലങ്ങളിലുമുള്ള സമൂഹത്തിന്റെ വികസനം തന്നെയാണ്. മിക്ക വികസന പദ്ധതികളും ജനങ്ങളുടെ ഭൂസ്വത്തിനേയും ജീവിത സൗകര്യങ്ങളേയും പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്ന വസ്തുത നിലനിൽക്കുമ്പോൾതന്നെ, ഇത്തരം പദ്ധതികളുടെ അനിവാര്യത ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. അത്തരത്തിൽ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ഒരു പദ്ധതിയാണ് ഏറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ, ഇടപ്പള്ളി (സൗത്ത്) വില്ലേജിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്.

ഏറണാകുളം ജില്ലയിൽ കായലുകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒരു മെട്രോപൊളിറ്റൻ നഗരമാണ് കൊച്ചി. നഗരത്തിലെ ജനസാന്ദ്രത ക്രമാതീതമായി ഉയർന്നതോടെ, വാസസ്ഥലങ്ങളിലെ മലിനജലവും മറ്റും ഒഴുക്കിവിടുന്നത് ഓവുചാലുകളിലേക്കും കനാലുകളിലെ ജലസംഭരണികളിലേക്കുമാണ്. കൊച്ചി നഗരത്തിലെ അഞ്ചോളം നാശോന്മുഖമായ കനാലുകളെല്ലാം പുനരുദ്ധാരണം നടത്തി ജലഗതാഗത യോഗ്യമാക്കി ആരോഗ്യകരമായ ഒരു കൊച്ചിയെ വാർത്തെടുക്കുക എന്ന പദ്ധതിയാണ് I U R W T S മുഖേന പ്രാവർത്തികമാക്കുന്നത്. ഈ ബൃഹത്തായ പദ്ധതിയുടെ ഭാഗമായിട്ടാണ വെണ്ണല സീവേജ് പ്ലാന്റിനുവേണ്ടി ഇടപ്പള്ളി (സൗത്ത്) വില്ലേജിൽ 3.1453 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവായിരിക്കുന്നത്.

### 1.2 പദ്ധതി പ്രദേശത്തിന്റെ കിടപ്പ്.

വെണ്ണല സീവേജ് ട്രീറ്റ്മെന്റ് പ്രാന്റിനുവേണ്ടി ഏറ്റെടുക്കാനുദ്ദേശിക്കുന്ന, ഇടപ്പള്ളി (സൗത്ത്) വില്ലേജിൽ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട സ്ഥലം വെണ്ണലയിൽ ഇടപ്പള്ളി കനാലിന്റെ

ഒരു അറ്റത്തായി സ്ഥിതിചെയ്യുന്നു. ഇത് പരന്നു കിടക്കുന്ന സ്ഥലമാണ്. പ്രസ്തു സ്ഥലം ഏറണാകുളം ജില്ലയുടെ ഒരു ഭാഗമായതുകൊണ്ടുതന്നെ വർഷം മുഴുവൻ ഒരേ താപനില യാണ് അനുഭവപ്പെടുന്നത്. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിനുവേണ്ടി കണ്ടെത്തിയിരി ക്കുന്ന സ്ഥലത്തേക്ക് ഇപ്പോൾ വഴികളൊന്നുമില്ല. അവിടേക്ക് റോഡു നിർമ്മാണത്തിനാവശ്യ മായ സ്ഥലം കൂടി ഉൾപ്പെടുത്തിയാണ് സ്ഥലം ഏറ്റെടുക്കൽ നടപടി. പ്രസ്തുത സ്ഥലം കുറ്റിച്ചെ ടികൾ നിറഞ്ഞ പ്രദേശമാണ്.

## 1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്തൃതിയും ഗുണങ്ങളും.

ഏറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിലെ ഇടപ്പള്ളി (സൗത്ത്) വില്ലേജിലെ വിവിധ സർവ്വേനമ്പറുകളിൽപ്പെട്ട 3.1453 ഹെക്ടർ സ്ഥലമാണ് വെണ്ണല സീവേജ് പ്ലാന്റിനു വേണ്ടി ഏറ്റെടുക്കാൻ സർക്കാർ ഉത്തരവായിട്ടുള്ളത്.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ.

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഭൂമി സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടായേക്കാവുന്ന സമൂഹ്യ പ്രത്യാഘാതങ്ങൾ :

- വെണ്ണല സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി സ്ഥലം ഏറ്റെടുക്കമ്പോൾ ആകെ 11 കൈവശ ഭൂമികളെയാണ് ബാധിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ മൂലം മുഴുവ നായും ഭാഗികമായും വീട് നഷ്ടപ്പെടുന്ന കുടുംബങ്ങൾ ഏറെയാണ്. കൂടാതെ സ്ഥലം ഏറ്റെടുക്കൽ മൂലം ഉണ്ടാകുന്ന കുഴിക്കൂർ ചമയങ്ങളുടെ നഷ്ടം ബാധിത കുടുംബങ്ങളുടെ വരുമാനത്തെ സാരമായി ബാധിക്കും.

## 1.6. ലഘുകരണ നടപടികൾ.

പദ്ധതി പ്രദേശം സന്ദർശിച്ചതിലൂടെയും, വിവരങ്ങൾ ശേഖരിച്ചതിലൂടെയും ആഘാത ബാധിത കുടുംബങ്ങളെയും, തൽപ്പര കക്ഷികളുമായുള്ള അഭിമുഖങ്ങളേയും അടിസ്ഥാ നമാക്കി താഴെ പറയുന്ന ദുരന്ത ലഘൂകരണ നടപടികൾ നിർദ്ദേശിക്കുന്നു.

എ) ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനര ധിവാസ, പുനഃസ്ഥാപനത്തിനുമുള്ള 2013 ലെ അവകാശ നിയമം, അതിനോടനുബ ന്ധിച്ചുള്ള 2015 ലെ കേരള ചട്ടങ്ങൾ, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടു വിക്കുന്നഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കണം തുടർ നടപടികൾ കൈക്കൊള്ളേണ്ടത്.

ബി) ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിത കുടുംബങ്ങൾക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം കാലതാമസം കൂടാതെ അനുവദിക്കാനുള്ള നടപടികൾ ഉണ്ടാവുക.

സി) സ്ഥലം ഏറ്റെടുക്കുന്നതുമൂലം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് RFCTLARR നിലയമത്തിലെ രണ്ടും മൂന്നും പട്ടിക പ്രകാരമുള്ളതും GO(MS) No. 448/2017/RD dt 29/12/2017 അനുസരിച്ചുള്ള പുനരധിവാസ പുനഃസ്ഥാനപ ആനുകൂല്യങ്ങൾ അനുവദിക്കുക.

ഡി) വ്യാപാര സ്ഥാപനങ്ങൾ വിട്ടൊഴിയേണ്ടി വരുന്ന വാടകക്കാരായ കച്ചവടക്കാർക്കും, അത്തരം കച്ചവടസ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും GO(MS) No. 448/2017/RD dt 29/12/2017 പ്രകാരമുള്ള പുരനരധിവാസ, പുനഃസ്ഥാപന പാക്കേജ് യഥാസമയം ലഭ്യമാക്കാൻ സത്വര നടപടികളുണ്ടാവുക.

ഇ) നിർമ്മാണ ഘട്ടങ്ങളിൽ ജനങ്ങളുടെ സുഗമമായ സഞ്ചാരത്തിന് പകരം സംവിധാനങ്ങൾ ഏർപ്പെടുത്തുകയും നിർമാണ പ്രവർത്തികൾമൂലം ഉണ്ടാകാനിടയുള്ള പാരിസ്ഥിഏറ്റെ ടുക്കുന്നത് കഴിച്ച് ബാക്കിവരുന്ന സ്ഥലം രണ്ടോ രണ്ടുസെന്റിൽ കുറവോ അല്ലെങ്കിൽ മറ്റേതൊരു ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താൻ കഴിയാത്തത്ര അളവു മാത്രമുള്ളതോ ആണെങ്കിൽ അത്തരത്തിലുള്ള സ്ഥലം കൂടി ഏറ്റെടുക്കുന്നതിനാവശ്യ മായ നടപടികൾ ത്വരിതപ്പെടുത്തി നഷ്ടപരിഹാരം ഉറപ്പുവരുത്തുക.

## അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1 പദ്ധതിയുടെ പശ്ചാത്തലം.

കായലുകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒരു മെട്രോപൊളിറ്റൻ നഗരമാണ് ഏറണാകുളം ജില്ലയിലെ കൊച്ചി. നഗരത്തിലെ ജനസാന്ദ്രത ക്രമാതീതമായി വർദ്ധിച്ചുവന്നതോടെ ഓരോ വീട്ടിലേയും മലിനജലവും മറ്റും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ വളരെ പരിമിതമായിരുന്നു. നഗരത്തിലെ ഓരോ പാർപ്പിടങ്ങളിലേയും മലിന ജനത്തിന്റെയും മറ്റും സിംഹഭാഗവും ഓവുചാലുകളിലേക്കും കനാലുകളിലെ ജലസംഭരണികളേക്കും തിരിച്ചുവിടുകയായിരുന്നു പതിവ്. ഇത്തരം പ്രവൃത്തികൾ കൊതുക് പെരുകുന്നതിനും മറ്റു സാംക്രമിക രോഗങ്ങൾ പടരുന്നതിനും കാരണമായി. കൊച്ചി നിവാസികളുടെ ജീവിതശൈലി അഭിവൃദ്ധിപ്പെടുത്തുന്നതിനായി സർക്കാർ നഗരത്തിലെ അഞ്ചു കനാലുകളെും പുനരുദ്ധാരണം നടത്തുന്നതോടൊപ്പം ഗതാഗത യോഗ്യമാക്കാനുമുള്ള പദ്ധതി ആവിഷ്കരിച്ചു.

### 2.2 പദ്ധതിയുടെ സ്ഥലം, കിടപ്പ് മുതലായവ.

ഏറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിലെ ഇടപ്പള്ളി (സൗത്ത്) വില്ലേജിലെ വെണ്ണലയിൽ ഇടപ്പള്ളി കനാലിന്റെ ഒരു അറ്റത്തായി സ്ഥിതിചെയ്യുന്ന വിവിധ സർവ്വേ നമ്പറുകളിൽപ്പെട്ട 3.1453 ഹെക്ടർ സ്ഥലമാണ് പ്രസ്തുത സീവേജ് പ്ലാന്റിനുവേണ്ടി ഏറ്റെടുക്കാൻ സർക്കാർ ഉത്തരവായിട്ടുള്ളത്. ഇത് കുറ്റിച്ചെടികൾ നിറഞ്ഞ പരന്നു കിടക്കുന്ന സ്ഥലമാണ്.

### 2.3 പദ്ധതിയുടെ നിർമ്മാണ ഘട്ടങ്ങൾ.

നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം ഏറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ഇടപ്പള്ളി (സൗത്ത്) വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട

3.1453 ഹെക്ടർ സ്ഥലമാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്നതോടെ സീവേജ് ട്രീറ്റ്മന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തി ആരംഭിക്കും.

## 2.4 പാരിസ്ഥിതിക ആഘാതം.

ഈ പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതുമൂലം യാതൊരുവിധ പാരിസ്ഥിതിക ആഘാതങ്ങൾക്കുള്ള സാധ്യതയും ഉണ്ടാകാനിടയില്ല.

## 2.5 ആവശ്യമായ തൊഴിൽ ശക്തി.

തൊഴിൽ ശക്തി ക്രമീകരിച്ചിരിക്കുന്നത് ആധുനിക യന്ത്രസാമഗ്രികൾകൊണ്ടും, മനുഷ്യ ശക്തി പ്ലാൻ ചെയ്തിരിക്കുന്നത്, വിദഗ്ധർ, അർദ്ധവിദഗ്ധർ, അവിദഗ്ധർ എന്നീ വിവിധ തലങ്ങളിലായിട്ടാണ്.

## 2.6 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത.

ആവശ്യമില്ല.

## 2.7 ബാധകമായ നിയമങ്ങൾ.

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കലിൽ ബാധകമായിട്ടുള്ള നിയമങ്ങളും ചട്ടങ്ങളും താഴെ കൊടുക്കന്നു.

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013.

2. ഭൂമി ഏറ്റെടുക്കലിൽ ന്യാമായ നഷ്ടപരിഹാരത്തിനും,ം സുതാര്യതയ്ക്കും,ം പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ (കേരള) ചട്ടങ്ങൾ - 2015.

3. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ അവകാശ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിൽ കൂടുതൽ നഷ്ടപരിഹാരത്തിനും, മെച്ചപ്പെട്ട പുനരധിവാസ പുനസ്ഥാപന ആനുകൂല്യങ്ങളോ ബാധിക കുടുംബങ്ങൾക്ക് ലഭിക്കുന്നതിന് സർക്കാർ 23/9/2025 ന് GO (MS) No. 485/2015/RD പ്രകാരം ആവിഷ്കരിച്ച നയം.

4. 29/12/2017 ലെ GO (MS) No. 448/2017/RD പ്രഉത്തരവ് പ്രകാരം സർക്കാരിന്റെ പുനരധിവാസ, പുനഃസ്ഥാപന പാക്കേജ്.

# അദ്ധ്യായം 3

# പഠനസംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

### 3.1 പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള 2013 ലെ അവകാശ നിയമത്തിലെ 4 (1) വകുപ്പ് പ്രകാരം, സംസ്ഥാന സർക്കാർ ഒരു പൊതുആവശ്യത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് പദ്ധതി പ്രദേശത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം (S I A Study) നടത്തണമെന്നു നിഷ്കർഷിക്കുന്നുണ്ട്. അപ്രകാരം ഏറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ഇടപ്പള്ളി (സൗത്ത്) വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 3.1453 ഹെക്ടർ പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തിൽ പഠനം നടത്തി, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തിൽ പഠന റിപ്പോർട്ടും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കുന്നതിന് വി. കെ. കൺസൽട്ടൻസി സെന്റർ, തിക്കോടി, കോഴിക്കോട് എന്ന സ്ഥാപനത്തെ അധികാരപ്പെടുത്തിക്കൊണ്ടുള്ള 27/01/2024 ലെ ലെ GO (P) No /RD ഉത്തരവ്, 25/9/2023 ലെ വാല്യം 12, നമ്പർ 3140 ആയി കേരള സർക്കാറിന്റെ അസാധാരണ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.

**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം**

| ക്രമ നമ്പർ | പേര് | പദവി/യോഗ്യത |
|---|---|---|
| 1 | വി.കെ. ബാലൻ | ടീം ലീഡർ & ചെയർമാൻ SIA യൂണിറ്റ് മുൻ എൽ.എ. വിഭാഗം ഡപ്യൂട്ടി കളക്ടർ, കളക്ടറേറ്റ്, കോഴിക്കോട്. |

| | | |
|---|---|---|
| 2 | ജെസ്സി. സി.ജെ. | എം.എസ്. ഡബ്ല്യൂ |
| 3 | പി.കെ. രവീന്ദ്രൻ | ഡെപ്യൂട്ടി കളക്ടർ (റിട്ടയേർഡ്) |
| 4 | സാബു അബ്രഹാം | ഡെപ്യൂട്ടി തഹസിൽദാർ (റിട്ടയേർഡ്) |
| 5 | കെ. ചന്ദ്രൻ | താലൂക്ക് സർവ്വേയർ (റിട്ടയേർഡ്) |
| 6 | പി. പീതാംബരൻ | ഓഫീസ് അസിസ്റ്റന്റ് |

സംസ്ഥാന സർക്കാർ 10/3/2020 ലെ GO (Rt) No. 982240/2020/RD പ്രകാരം അംഗീകരിക്കുകയും പട്ടികയിൽ ഉൾപ്പെടുത്തുകയും, 30/4/2023 ലെ GO (MS) No. 94/2023/RD ഉത്തരവു പ്രകാരം വീണ്ടും അംഗീകാരം ലഭിക്കുകയും ചെയ്ത ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തിൽ പഠന യൂണിറ്റആണ് വി.കെ. കൺസൽട്ടൻസി സെന്റർ, തിക്കോടി എന്ന സ്ഥാപനം. കോഴിക്കോട് കളക്ടറേറ്റിൽ നിന്നും വിരമിച്ച എൽ.എ വിഭാഗം ഡപ്യൂട്ടി കളക്ടറാണ് പ്രസ്തു യൂണിറ്റിന്റെ ടീം ലീഡറും ചെയർമാനും. ഭൂമി ഏറ്റെടുക്കൽ നടപടികളിൽ വളരെയധികം പരചിയ സമ്പന്നനാണ് പ്രസ്തുത വ്യക്തി. ഈ പരിചയം മൂലമാണ് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുരനധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിനുള്ള ചട്ടങ്ങൾ രൂപപ്പെടുത്തുന്നതിന് സർക്കാരിന്റെ Expert Committee യിലെ ഒരംഗമായി ഉൾപ്പെടുത്താൻ GO (Rt) No. 2172/2014/RD തിയ്യതി 23/5/2014 പ്രകാരം തിരഞ്ഞെടുക്കപ്പെട്ടത്. ഈ പഠനസംഘത്തിലെ ഒരംഗം എം.എസ്. ഡബ്ല്യു യോഗ്യതയുള്ളതും, മറ്റുള്ളവർ റവന്യൂ, സർവ്വെ എന്നീ വകുപ്പുകളിൽ നിന്നും വിരമിച്ച പരിചയസമ്പന്നരുമാണ്.

### 3.2 പഠനത്തിനുപയോഗിച്ച പദ്ധതി ശാസ്ത്രം, സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരണവും അതുപയോഗിച്ചതിന്റെ യുക്തിയും, പഠനത്തിനുവേണ്ടി വിവര ശേഖരണം നടത്തിയതിന്റെ രീതിയും.

പഠനസംഘം നിർദ്ദിഷ്ട പദ്ധതി പ്രദേശം സന്ദർശിക്കുകയും അവിടുങ്ങളിലെ ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി എന്നിവയിലെ ജനപ്രതിനിധികളുമായി ബന്ധപ്പെട്ടു പ്രസ്തുത പദ്ധതിയെക്കുറിച്ചു ആശയവിനിമയം നടത്തുകയും ചെയ്തു. റവന്യൂ വകുപ്പിൽനിന്നും

ലഭിച്ച രേഖകളിൽ നിന്നും, ഭൂമി ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ള പ്രദേശത്ത് വിന്യസിച്ചിട്ടുള്ള സർവ്വെ കല്ലുകളുടെ അതിരടയാളങ്ങളിൽ നിന്നുമാണ് പദ്ധതി ബാധിത കുടുംബങ്ങളുടേയും അവരുടെ കൈവശ ഭൂമികളെക്കുറിച്ചും, അതിലെ കുഴിക്കൂർ ചമയങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ തയ്യാറാക്കിയത്. ഗുണപരമായതിനെ സംബന്ധിച്ചും, അളവിനെ സംബന്ധിച്ചുമുള്ള ഒരു സമ്മിശ്ര പ്രവർത്തന ശൈലിയാണ് പദ്ധതി പ്രദേശത്തെ ബാധിത കുടുംബങ്ങളുടെ വിവര ശേഖരണത്തിനായി അവലംബിച്ചത്. പദ്ധതി ബാധിക്കുന്ന ഓരോ കൈവശഭൂമിയും കണ്ടെത്തി, അങ്ങിനെ നടത്തിയ സർവ്വെയിലൂടെയാണ് സാമൂഹ്യ പ്രത്യാഘാത പഠനത്തിനായുള്ള വിവരങ്ങൾ ശേഖരിച്ചത്. ഭൂമി ഏറ്റെടുക്കൽ ബാധിക്കുന്ന പദ്ധതി പ്രദേശത്തുള്ള കുടുംബങ്ങളെ മൂന്നായി (1) ഭൂമി ഏറ്റെടുക്കൽ മൂലം ഭാഗികമായി മാത്രം സ്ഥലവും കെട്ടിടങ്ങളും നഷ്ടപ്പെടുന്ന കുടുംബങ്ങൾ, (2) മുഴുവനായി സ്ഥലവും കെട്ടിടങ്ങളും നഷ്ടപ്പെടുന്ന കുടുംബങ്ങൾ, (3) പദ്ധതി പ്രദേശത്ത് വാടക സ്ഥാപനങ്ങളിലെ കച്ചവടക്കാരും അത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളും എന്നിങ്ങനെ തരംതിരിച്ചാണ് വിവരശേഖരണം നടത്തിയത്. പ്രാഥമിക, ദ്വിതീയ മാർഗ്ഗങ്ങളിലൂടെ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സാമുഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ രേഖ തയ്യാറാക്കിയിരിക്കുന്നതും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയുടെ രൂപീകരണത്തിന് അടിത്തറയായതും.

## 3.3 പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധന രീതി.

നിർദ്ദിഷ്ട പദ്ധതി ബാധിക്കുന്ന ഓരോ കൈവശക്കാരനേയും വയ്ത്യസ്ത രീതിയിലാണ് സ്ഥലം ഏറ്റെടുക്കൽ ബാധിക്കുന്നത് എന്നത് കൊണ്ട് സെൻസസ് രീതിയിലുള്ള വിവര ശേഖരണമാണ് പഠനത്തിനായി സ്വീകരിച്ചത്. തദ്ദേക സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, വില്ലേജ് ഭരണാധികാരികൾ, പൊന്നുംവില തഹസിൽദാർ, അർത്ഥനാധികാരി എന്നിവരിൽ നിന്നെല്ലാം വിവരശേഖരണം നടത്തിയാണ് അന്തിമ റിപ്പോർട്ടിന് രൂപം കൊടുത്തത്.

## 3.4 വിവര സ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം.

പ്രാഥമിക വിവരങ്ങളെയും, ദ്വതീയ വിവരങ്ങളെയും ആശ്രയിച്ചാണ് പഠനസംഘം വിവര ശേഖരണം നടത്തിയത്. പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരിൽ നിന്നും ഭൂവുടമകളിൽ നിന്നും ലഭിച്ച ഭൂരേഖകളിൽ നിന്നും ശേഖരിച്ച വിവരങ്ങളാണ് പ്രാഥമിക ഉറവിട

ങ്ങൾ. റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച രേഖകളും, കൊച്ചി മെട്രോ റയിൽ ലിമിറ്റഡിന്റെ ഓഫീസിൽനിന്നും ലഭിച്ച വിശദമായ പദ്ധതി രേഖകളുമാണ് ദ്വിതീയ ഉറവിടങ്ങൾ.


## 3.5 പദ്ധതിയെക്കുറിച്ചുള്ള കൂടിയാലോചനയും, പബ്ലിക് ഹിയറിംഗിനെക്കുറിച്ചുള്ള വിവരണവും.

നിർദ്ദിഷ്ട പദ്ധിതിയെക്കുറിച്ചും അതിന്റെ നിർമ്മാണ പ്രവർത്തനത്തില് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തില് പഠനത്തിന്റെ പ്രസക്തിയും പദ്ധതി പ്രദേശം ഉൾക്കൊള്ളുന്ന എല്ലാ തദ്ദേക സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുമായും, പൊന്നുംവില തഹസിൽദാരുമായും, വിശദമായി ചർച്ചെചെയ്തിട്ടുള്ളതാണ്. പദ്ധതി പ്രദേശത്തെ ബാധിക കുടുംബങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് 04/7/2024 ന് നടത്തുന്ന പബ്ലിക് ഹിയറിംഗിന്റെ വിവരങ്ങൾ അന്തിമ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുന്നതാണ്.

**അദ്ധ്യായം 4**

# സ്ഥലത്തിന്റെ മൂല്യനിർണ്ണയം

**4.1 ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായ ത്തോടെ പദ്ധതി പ്രദേശത്തിന്റെ വിവരണം.**



ഏറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ഇടപ്പള്ളി (സൗത്ത്) വില്ലേജിൽ ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം.

## 4.2 നിർദ്ദിഷ്ട പദ്ധതിക്ക് ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ള ഭൂമിയേക്കാൾ കൂടുതൽ സ്ഥലത്ത് പദ്ധതി ബാധിക്കുമോ?.

നിർദ്ദേഷ്ട പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാനുദ്ദേശിക്കുന്നത് ഏറണാകുളം ജില്ലയിൽ, കണയന്നൂർ താലൂക്കിൽ, ഇടപ്പള്ളി (സൗത്ത്) വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 3.1453 ഹെക്ടർ സ്ഥലമാണ്. നിർദ്ദേശിച്ചിട്ടുള്ള ഭൂമിയേക്കാൾ കൂടുതൽ സ്ഥലത്ത് പദ്ധതി ബാധിക്കാനുള്ള സാദ്ധ്യതയില്ല.

**4.3 പദ്ധതിക്കാവശ്യമായ മൊത്തം ഭൂമി**

ഏറണാകുളം ജില്ലയിൽ, കണയന്നൂർ താലൂക്കിൽ, ഇടപ്പള്ളി (സൗത്ത്) വില്ലേജിൽ ഉൾപ്പെട്ടതാണ് പദ്ധതി പ്രദേശം. പ്രസ്തു വില്ലേജിലെ  വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 3.1453 ഹെക്ടർ സ്ഥലമാണ്  നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കാൻ ഉദ്ദേശിച്ചിട്ടുള്ള്.

## 4.4 പദ്ധതി പ്രദേശത്തിന്റെ സമീപത്തായി പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവില ഉപയോഗം.

പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം പദ്ധിതി പ്രദേശത്തിന്റെ സമീപത്തായി സ്ഥിതി ചെയ്യുന്നില്ല.

## 4.5 പദ്ധതിക്കായി വിലയ്ക്ക് വാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിന്റേയും ഉപയോഗം.

നിർദ്ദിഷ്ട പ്രദേശത്ത് പദ്ധതിക്ക് വേണ്ടി വിലയ്ക്ക് വാങ്ങിയതോ, പാട്ടത്തിനെടുത്തിരിക്കുന്ന ഭൂമിയോ ഇല്ല. ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി വെണ്ണല സീവേജ് ട്രീറ്റ്മെന്റെ പ്ലാന്റ് നിർമ്മാണത്തിനുവേണ്ടി മാത്രമാണ്.

## 4.6 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അളവും പ്രദേശവും.

ഈ പദ്ധതിക്കായി ആകെ വേണ്ടിവരുന്നത് 3.1453 ഹെക്ടർ സ്ഥലമാണ്. ഇത് ഏറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കൽ ഇടപ്പള്ളി (സൗത്ത്) വില്ലേജിൽ സ്ഥിതിചെയ്യുന്നു.

## 4.7 ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവുംസ കൃഷി ഭൂമിയാണെങ്കിൽ ജലസേചനത്തെ കുറിച്ചും വിളകളെ കുറിച്ചുമുള്ള വിവരണം

ഏറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ഇടപ്പള്ളി (സൗത്ത്) വില്ലേജിൽ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 3.1453 ഹെക്ടർ സ്ഥലമാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിനുള്ള സ്ഥലവും അതിലേക്ക് ആവശ്യമായ റോഡിനുവേണ്ടിയുള്ള സ്ഥലവും ഉൾക്കൊള്ളുന്നതാണ് പദ്ധതി പ്രദേശം. പദ്ധതി പ്രദേശം ചെറിയൊരു ഭാഗം പുരയിടമായും, ഏറിയ ഭാഗവും നിലവുമായിട്ടാമ് റവന്യൂരേഖകളിൽ കാണുന്നതെങ്കിലും ഇപ്പോൾ കരഭൂമിയായിട്ടാണ് കാണുന്നത്.

## 4.8 പദ്ധതി പ്രദേശത്തെ ഓരോ കൈവശ ഭൂമിയുടേയും ആകൃതിയും, ഉടമസ്ഥതയും, താമസിക്കുന്നവരുടെ എണ്ണവും.

നിർദ്ദിഷ്ടെ പദ്ധതി വെണ്ണല സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനുവേണ്ടിയാണ്. ആകെ 3.1453 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. പദ്ധതി പ്രദേശത്ത് ട്രീറ്റ്മെന്റഅ പ്ലാന്റ് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം വരെ മെയിൻ റോഡിൽ നിന്നും റോഡ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. പദ്ധതി പ്രദേശത്ത് സ്ഥലം നഷ്ടപ്പെടുന്ന കൈവശക്കാരിൽ ഭൂമിയിൽ ആധാര പ്രകാരം അവകാശമുള്ളവരാണ്.

### അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുക്കളെ കുറിച്ചുമുള്ള കണക്ക്.

പ്രസ്തുത പദ്ധതിമൂലം പ്രത്യക്ഷമായും പരോക്ഷമായും പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളെ കുറിച്ചുള്ള വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

**5.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ.**

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിമൂലം സ്വന്തമായി സ്ഥലവും കുഴിക്കൂർ ചമയങ്ങളും നഷ്ടപ്പെടുന്ന വ്യക്തികൾ/കുടുംബങ്ങളുടെയോ, മറ്റുസ്ഥാപനങ്ങളുടെയോ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ. | കൈവശക്കാരന്റെ പേരും അഡ്രസ്സും | സർവ്വെ നമ്പർ | ഭൂമിയുടെ തരം | ഭൂമിയുടെ ഏകദേശ അളവ് | ബാധിതമാകുന്ന വസ്തുവഹകൾ |
|---|---|---|---|---|---|
| 1 | അരവിന്ദ്കുമാർ<br>Door No. 61/689<br>എം.ജി. റോഡ്<br>രവിപുരം<br>കൊച്ചി - 682016 | 22/4, 23/1 pt, 23/2,23/3 pt, 23/4, 23/5 pt, 23/7 pt, 23/8, 12/9 pt, 23/11 pt, 23/12 pt, 23/13 pt, 23/14 pt, 106/3A pt, 106/3B pt | പുരയിടം | 7 ഏക്രെ | - |

| | | | | | |
|---|---|---|---|---|---|
| 2 | ഓമന ഹരിയപ്പൻ,<br>അപ്പനേത്ത്തറ (തുരു<br>ത്തേപ്പം)<br>വെണ്ണല | 108/12-2 | പുരയിടം | 2 സെന്റ് | തെങ്ങ്- 3, മാവ്- 1,<br>പുളി- 1<br>വീട് ഭാഗികം |
| 3 | പ്രഭാകരൻ തളിപ്പറമ്പ്<br>വെണ്ണല, തുരുത്തേപ്പം | 108/12-5 | പുരയിടം | ¾<br>സെന്റ് | |
| 4 | സ്റ്റീഫൻ ചാക്കോ, വലിയ<br>തറ<br>വെണ്ണല | 108/12 | പുരയിടം | ½<br>സെന്റ് | വീട് ഭാഗികം,<br>ഗെയ്റ്റ്, കിണർ,<br>സെപ്റ്റിക് ടാങ്ക് |
| 5 | ജയിൻ എബ്രഹാം<br>പുതുശ്ശേരി ഹൗസ്,<br>വെണ്ണല | 108/2 | പുരയിടം | 2 സെന്റ് | |
| 6 | സന്തോഷ് ജോസഫ്<br>ചേക്കാട്ട് പറമ്പ് ഹൗസ്<br>തൃക്കാക്കര- പി.ഒ | 108/12 | പുരയിടം | 2 സെന്റ് | വീട് ഭാഗികം |
| 7 | സെയ്ഷി റാഫേൽ<br>പുരമുകളിൽ ഹൗസ്<br>തമ്മനം പി.ഒ, 682 032 | 110/1 | പുരയിടം | 25<br>സെന്റ് | തെങ്ങ് - 4,<br>കാട്ടുമരങ്ങൾ |
| 8 | സോബി മഠത്തിൽ<br>കോൺടോർ റെഡ് മിക്സ്<br>പ്ലാന്റ്<br>വെണ്ണല | 110/1,<br>110/2,<br>110/3 | പുരയിടം | 15<br>സെന്റ് | |
| 9 | അഭയമാതാ ചർച്ച്<br>വെണ്ണല, ഇടപ്പള്ളി സൗത്ത് | 109/6 pt<br>108/10,<br>11 pt | പുരയിടം | 10<br>സെന്റ് | |
| 10 | അനസ്താഷിയ റാഫേൽ<br>പുരമുകളിൽ ഹൗസ്<br>ചക്കരപ്പറമ്പ്, തമ്മനം പി.ഒ. | 108/10,<br>11,<br>108/2 pt | പുരയിടം | 10<br>സെന്റ് | |
| 11 | ടി.എം. നാസ്സർ<br>വെണ്ണല, ഇടപ്പള്ളി (സൗത്ത്)<br>ഏറണാകുളം | 106/15B<br>pt | പുരയിടം | 3 സെന്റ് | തെങ്ങ്- 2,<br>വീട് ഭാഗികം |

## അദ്ധ്യായം 6

# സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം

# പദ്ധതി പ്രദേശവും പുനഃസ്ഥാപന പ്രദേശവും

### 6.1 പദ്ധതി പ്രദേത്തെ ജനസംഖ്യാപരമായ വിവരങ്ങൾ.

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ മൂലം ആഘാതബാധിതരാകുന്ന കുടുംബങ്ങളടെ വില്ലേജ് തിരിച്ചുള്ള കണക്ക്.

| ക്രമ നമ്പർ | വില്ലേജ് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഇടപ്പള്ളി (സൗത്ത്) | 11 |

ഇതിൽ ഒരു കൈവശ സ്ഥലം അഭയ മാതാ ചർച്ച് എന്ന മതസ്ഥാപനത്തിന്റെ കൈവശമുള്ളതാണ്.

### 6.2 പദ്ധതി ബാധിത കുടുംബങ്ങളുടെ വരുമാനവും ദാരിദ്ര്യ നിലവാരവും

#### 6.2(1) ബാധിത കുടുംബങ്ങളുടെ പ്രതിവർഷ വരുമാനം.

| ക്രമ നം. | വരുമാന നിലവാരം | എണ്ണം | ശതമാനം |
|---|---|---|---|
| 1 | 50,000 രൂപയ്ക്കു താഴെ | 5 | 20 |
| 2 | 50,001 മുതൽ 1,00,000 വരെ | 1 | 10 |
| 3 | 1,00,001 മുതൽ 5,00,000 വരെ | 2 | 20 |
| 4 | 5,0,00,000 നു മുകളിൽ | 2 | 20 |
| 5 | വരുമാനം വെളിപ്പെടുത്താൻ | ഇല്ല | - |
| ആകെ | | 10 | 100% |

### 6.2(2) ബാധിത കുടുംബങ്ങളുടെ മതാടിസ്ഥാനത്തിലുള്ള കണക്ക്.

| ക്രമ നം. | മതം | എണ്ണം | ശതമാനം |
|---|---|---|---|
| 1 | ഹിന്ദു | 3 | 30 |
| 2 | മുസ്ലിം | 1 | 10 |
| 3 | ക്രിസ്ത്യൻ | 6 | 60 |
| 4 | വെളിപ്പെടുത്താത്തവർ | ഇല്ല | - |
| ആകെ | | 10 | 100% |

### 6.2(3) റേഷൻ കാർഡ് അനുസരിച്ചുള്ള സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം.

| ക്രമ നം. | റേഷൻകാർഡ് വിഭാഗം | എണ്ണം | ശതമാനം |
|---|---|---|---|
| 1 | എ.പി.എൽ | 6 | 60 |
| 2 | ബി.പി.എൽ | 4 | 40 |
| 3 | ബാധകമല്ലാത്തത് | ഇല്ല | - |
| ആകെ | | 10 | 100% |

### 6.3 വൾനറിബിൾ ഗ്രൂപ്പ്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള 2013ലെ അവകാശ നിയമത്തിൽ, വിശേഷിച്ചും പട്ടികപ്രദേശത്തു താമസിച്ചുവരുന്ന ദുർബ്ബല വിഭാഗക്കാരായ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങളുടെ ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം അനുവദിക്കുന്ന

തിന് സവിശേഷമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാത്രവുമല്ല,പട്ടികപ്രദേശങ്ങളിൽ നിന്നുള്ള കുടിയിറക്കലിന്റെ സംഗതിയിൽ ബാധിക്കപ്പെട്ട അത്തരം കുടുംബങ്ങളെ കഴിയാവുന്നിടത്തോളം ഗോത്ര സമുദായങ്ങളുടെ സാമ്പത്തിക അവസരങ്ങളും, ഭാഷയും, സംസ്കാരവും, സാമൂഹ്യജീവിതവും സംരക്ഷിക്കാവുന്ന തരത്തിൽ സമാന ഭൂമിശാസ്ത്ര മേഖലകളിൽ തന്നെ പുനരധിവസിപ്പിക്കണമെന്നുകൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രദേശത്ത് ഇത്തരം കുടംബങ്ങൾ ഇല്ല.

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവന മാർഗ്ഗവും.

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്ന 3.1453 ഹെക്ടർ സ്ഥലം ഏറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ഇടപ്പള്ളി (സൗത്ത്) വില്ലേജിൽ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ടതാണ്. പദ്ധതി പ്രദേശം തോട്ടഭൂമിയും, കൃഷിഭൂമിയായും ഉപയോഗിച്ചുവരുന്നു.

### 6.5 പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ.

കച്ചവടം, കൃഷി എന്നിവയാണ് പദ്ധതി പ്രദേശത്ത് നിലവിലുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ.

### 6.6 പ്രാദേശികമായ ഉപജീവനത്തിന് സംഭാവന ചെയ്യുന്ന ഘടകങ്ങൾ.

കച്ചവടം, കൃഷി, സ്വയംതൊഴിൽ എന്നിവ.

### 6.7 ഭരണപരമായ സംഘടനകൾ.

മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളടുടെ ഓഫീസുകൾ ഒന്നുംതന്നെ ഇല്ല.

### 6.9 രാഷ്ട്രീയ സംഘടനകൾ.

മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ പദ്ധതി പ്രദേശത്ത് പ്രവർത്തിച്ചു വരുന്നില്ല.

### 6.10 സാമൂഹ്യം-സാമുദായികം-ജാതി എന്നിവയെ അടിസ്ഥാനമാക്കിയും പൗരവൃന്ദങ്ങളെ അടിസ്ഥാനമാക്കിയുള്ള സംഘടനകൾ.

പഠനത്തിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല.

### 6.11 പദ്ധതി പ്രദേശത്തെ പ്രാദേശികമായ ചലനാത്മകതയും ചരിത്രപരമായ പരിണാമ ക്രമവും.

കണ്ടെത്തിയിട്ടില്ല.

### 6.12 ജീവിത ചുറ്റുപാടിന്റെ സ്വഭാവം.

നിർദ്ദിഷ്ട പദ്ധതി ബധിത കുടുംബങ്ങളുടെ ജീവിത ചുറ്റുപാടിന്റെ സ്വഭാവം കച്ചവടം, കൃഷി എന്നിവയാണ്.

# സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

## (അധ്യായം 7 - 11)

## അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പ്ലാൻ

### 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള 2013 ലെ അവകാശ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു പൊതു ആവശ്യത്തിനായി സർക്കാർ സ്ഥലം ഏറ്റെടുക്കുമ്പോൾ, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടും, സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ നടപടികളും തയ്യാറാക്കേണ്ടത് അനിവാര്യമാണ്. സ്ഥലം ഏറ്റെടുക്കുന്നതുമൂലം ബാധിക്കപ്പെടുന്ന കുടുംബങ്ങൾക്ക് ഉണ്ടായേക്കാവുന്ന ഗുണകരമായ പ്രയോജനങ്ങളും ദോഷകരമായ ആഘാതങ്ങളും കണ്ടെത്തുക, വിപരീത ഫലങ്ങൾ ദൂരികരിക്കാനുള്ള നടപടികൾ നിർദ്ദേശിക്കുക, എന്നവയോടൊപ്പം തന്നെ നിർദ്ദേശിക്കപ്പെട്ട പദ്ധതിയാൽ ബാധിക്കപ്പെട്ട കുടുംബങ്ങളുടെ ജീവിതമാർഗ്ഗം, പൊതുസാമൂഹ്യ സ്വത്തുക്കൾ, ആസ്തികൾ, പശ്ചാത്തല അംവിധാനങ്ങളും പ്രത്യേകിച്ച് റോഡുകൾ, പൊതുഗതാഗതം, ഡ്രെയിനേജ്, ശുചീകരണം, കുടിവെള്ള ഉറവകൾ, കന്നുകാലികൾക്കുള്ള ജലസ്രോതസ്സുകൾ, പൊതു കുളങ്ങൾ, മേച്ചിൽ പുറങ്ങൾ, തോട്ടങ്ങൾ എന്നിവയ്ക്കും, പോസ്റ്റോഫീസുകൾ, ന്യായവില ഷോപ്പുകൾ, ഭക്ഷ്യധാന്യങ്ങളുടെ സംഭരണശാലകൾ, വൈദ്യുതി വിതരണം, ആരോഗ്യസംരക്ഷണ സംവിധാനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടാകുന്ന ആഘാതങ്ങളും കണ്ടെത്തുകയാണ് സാമൂഹ്യ പ്രത്യാഘാത പഠനംകൊണ്ട് ലക്ഷ്യമിടുന്നത്. കുഴിക്കൂർ ചമയങ്ങളോട് കൂടിയോ, അല്ലാതെയോ ഏറ്റെടുക്കൽമൂലം സ്ഥലം നഷ്ടപ്പെടുന്ന കൈവശക്കാരുടെ പരമപ്രധാനമായ ആവശ്യം അവരുടെ സ്ഥലത്തിനും, കുഴിക്കൂർ ചമയങ്ങൾക്കും മതിയായ നഷ്ടപരിഹാരം ലഭിക്കുക എന്നതാണ്. ഭൂവുടമകൾക്കുണ്ടാവുന്ന അത്തരം പ്രത്യാഘാതങ്ങളെ മറികടക്കുന്നതിനുള്ള പ്രതിവിധി നഷ്ടപ്പെടുന്ന സ്ഥലത്തിനും കുഴിക്കൂർ ചയമങ്ങൾക്കും നിലവിലുള്ള കമ്പോള വിലയനുസരിച്ചു നഷ്ടപരിഹാരതുക കണക്കാക്കുകയും അത് എത്രയും വേഗത്തിൽ ബാധിത കുടുംബങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക എന്നതാണ്. അതുകൂടാതെ ഭൂമി ഏറ്റെടുക്കൽ മൂലം താമസിക്കുന്ന വീടും സ്ഥലവും നഷ്ടപ്പെടുന്ന കുടുംബങ്ങൾക്കും മറ്റു അർഹതപ്പെട്ട

കുടുംബങ്ങൾക്കും 2013 ലെ സ്ഥലം ഏറ്റെടുക്കൽ നിയമത്തിലെ രണ്ടാം പട്ടിക പ്രകാരമുള്ളതും GO(MS) No. 448/2017/RD Dated 29/12/2017 അനുസരിച്ചുള്ള പുനരധിവാസ, പുനഃസ്ഥാപന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. പുനരധിവസിപ്പിക്കേണ്ട കുടുംബങ്ങൾക്ക് മൂന്നാം പട്ടികയനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ അർത്ഥനാധികാരിയുടെ ചെലവിൽ, അത്തരം കുടുബങ്ങളെ ഏറ്റെടുക്കുന്ന സ്ഥലത്തുനിന്നും ഒഴിപ്പിക്കുന്നതിന് മുമ്പായി തന്നെ പൂർത്തീകരിക്കേണ്ടതാണ്. കൂടാതെ ഭൂമി ഏറ്റെടുക്കൽ മൂലം വാടകക്കാരായ കച്ചവടക്കാർക്കും അത്തരം കച്ചവട സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും GO(MS) No. 448/2017/RD Dated 29/12/2017 പ്രകാരം പുനരധിവാസസ, പുനഃസ്ഥാപന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

## 7.2 ആഘാതം ഒഴിവാക്കാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ.

ഏറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിലെ ഇടപ്പള്ളി (സൗത്ത്) വില്ലേജിലെ വിവിധ സർവ്വെനമ്പറുകളിൽപ്പെട്ട 3.1453 ഹെക്ടർ സ്ഥലമാണ് നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് മൂലം സ്ഥലം ഉടമകൾക്ക് സ്ഥലവും, കുഴിക്കൂർ ചമയങ്ങളും നഷ്ടപ്പെടുന്നതോടൊപ്പംതന്നെ വാടക കെട്ടിടത്തിൽ വ്യാപാരം നടത്തി ഉപജീവനം കണ്ടെത്തുന്നവരും അത്തരം കച്ചവട സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളേയും ഇത് സാരമായി ബാധിക്കും. 2013 ലെ 2013 ലെ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വിവിധ വകുപ്പുകളനുസരിച്ചും, 23/9/2015 നുള്ള ജി.ഒ. (എം.എസ്) നമ്പർ. 485/2015/ആർ.ഡി പ്രകാരം സർക്കാർ രൂപം കൊടുത്ത നയമനുസരിച്ചും (Policy) നൽകുന്ന നഷ്ടപരിഹാര തുകയും (പട്ടിക-1) പുനരധിവാസ, പുനഃസ്ഥാപന ആനുകൂല്യങ്ങളും (പട്ടിക-2) കൂടാതെ ജി.ഒ. (എം.എസ്) നമ്പർ. 448/2017/ആർ.ഡി തിയ്യതി 29/12/2017 അനുസരിച്ചുള്ള വർദ്ധിപ്പിച്ച ആനുകൂല്യങ്ങളും, പുനരധിവാസ കേന്ദ്രത്തിൽ ഉണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങളും പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളെ നല്ലൊരു അളവുവരെ ദൂരീകരിക്കാൻ കഴിയും.

## 7.3 നിയമത്തിൽ പ്രതിപാദിക്കുന്നതു പ്രകാരം പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ.

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി സ്ഥലം, കുഴിക്കൂർ ചമയങ്ങൾ എന്നിവ നഷ്ടപ്പെടുന്ന ഓരോ കൈവശക്കാരനും 2013 ലെ RFCTLARR നിയമത്തിലെ 26 മുതൽ 30 വരെയുള്ള

വകുപ്പുകളനുസരിച്ചുള്ള (പട്ടിക 1) നഷ്ടപരിഹാര തുക ലഭിക്കാനുള്ള അർഹതയുണ്ട്. പ്രസ്തുത നിയമത്തിലെ 26-ാം വകുപ്പനുസരിച്ച് പൊന്നുംവില തഹസിൽദാർക്കാണ് സ്ഥല വില നിർണ്ണയിക്കാനുള്ള അധികാരം. ഏറ്റെടുക്കുന്ന വസ്തുവിലെ ചമയങ്ങൾ പ്രസ്തുത നിയമത്തിലെ 29(1) വകുപ്പ് പ്രകാരം പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനിയറും, കുഴിക്കൂറുകളും മറ്റും കൃഷിവകുപ്പ്, വനം വകുപ്പ് എന്നിവയിലെ പരിചയസമ്പന്നരായ ഉദ്യോഗസ്ഥരും, സ്ഥലം ഏറ്റെടുക്കുന്ന വേളയിൽ നഷ്ടപ്പെടുന്ന നിലവിലെ വിളകളുടെ വില നിർണയിക്കേണ്ടത് 29 (3) വകുപ്പ് പ്രകാരം കൃഷിവകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരായിരിക്കണം. കൂടാതെ പ്രസ്തുത നിയമത്തിലെ 31-ാം വകുപ്പു പ്രകാരം, സ്ഥലം ഏറ്റെടുക്കുന്നതുമൂലം കുടിയൊഴിപ്പിക്കപ്പെടേണ്ടി വരുന്ന കുടുംബങ്ങൾക്ക് പുനരധിവാസ പുനഃസ്ഥാപന ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. (പട്ടിക 2 &3).

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ മൂലം പുനരധിവസിപ്പിക്കേണ്ടിവരുന്ന കുടുംബങ്ങൾക്ക് 2013 ലെ RFCTLARR നിയമപ്രകാരം അർഹമായ പുനരധിവാസ പുനഃസ്ഥാപന ആനുകൂല്യങ്ങൾ താഴെ കൊടുക്കുന്നു.

1. 50 ച. മീറ്ററിൽ കുറയാത്ത തറ വിസ്തീർണ്ണമുള്ള ഇന്ദിരാ വികാസ് യോജനയുടെ വ്യവസ്ഥകളനുസരിച്ചു പണി പൂർത്തിയാക്കിയ ഒരു വീട് അല്ലെങ്കിൽ 3 ലക്ഷം രൂപ.
2. പ്രതിമാസം 5000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് ഉപജീവന ഗ്രാന്റ്.
3. ഗതാഗത ചെലവ് ഇനത്തിൽ 50,000 രൂപ ഒറ്റത്തവണ സാമ്പത്തിക സഹായം.
4. പുനഃസ്ഥാപനത്തിനുള്ള ഒറ്റത്തവണ അലവൻസായി 50,000 രൂപ.
5. RFCTLARR നിയമത്തിലെ രണ്ടാം പട്ടികയിൽ ക്രമ നമ്പർ 4 പ്രകാരമുള്ള പുനരധിവാസ, പുനഃസ്ഥാപന ആനുകൂല്യം.

പുനരധിവസിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് ന്യായമായ നിലവാരത്തിലുള്ള സാമൂഹിക ജീവിതം ഉറപ്പാക്കുന്നതിന് കുടിയൊഴിപ്പിക്കപ്പെട്ടലിന്റെ ഫലമായുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിനും പ്രസ്തുത സ്ഥലത്ത് ഭൂമി ഏറ്റെടുക്കുന്ന അധികാര കേന്ദ്രത്തിൻ ചെലവിൽ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ മൂന്നാം പട്ടിക പ്രകാരമുള്ള അടിസ്ഥാന സേവന സൗകര്യങ്ങളും ഉറപ്പുവരുത്തേണ്ടതാണ്.

കൂടാതെ പദ്ധതി പ്രദേശത്ത് വാടകയ്ക്ക് വ്യാപരം ചെയ്യുന്നവരും, അത്തരം സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കും താഴെ പറയുന്ന പുനഃസ്ഥാപന ആനുകൂല്യങ്ങൾക്ക് ജിഒ. (എം.എസ്.) നമ്പർ 448/2017/ആർ.ഡി തിയ്യതി 29/12/2017 പ്രകാരം അർഹതയുണ്ട്. 1). ഭൂമി ഏറ്റെടുക്കൽ മൂലം കച്ചവടസ്ഥാപനങ്ങൾ ഒഴിയേണ്ടി വരുന്ന വാടക കച്ചവ

ടക്കാർക്ക് ഒറ്റത്തവണയായി രണ്ടുലക്ഷം രൂപ ലഭിക്കുവാനുള്ള അർഹതയുണ്ട്. എന്നാൽ ഈ ആനുകൂല്യം കമ്പനി, ബാങ്ക്, സാമ്പത്തിക സ്ഥാപനങ്ങൾ, 2000 സ്ക്വയർ മീറ്ററിൽ അധികം തറ വിസ്തീർണ്ണമുള്ള കച്ചവട സ്ഥാപനങ്ങൾ, എന്നിവയ്ക്ക് ലഭിക്കുന്നതല്ല. 2). ഇത്തരം കച്ചവട സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നതും സ്ഥലം ഏറ്റെടുക്കൽമൂലം തങ്ങളുടെ ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നതുമായ തൊഴിലാളികൾക്ക് മാസത്തിൽ 6000 രൂപ നിരക്കിൽ 6 മാസത്തേക്ക് സാമ്പത്തിക ആനുകൂല്യം ലഭിക്കുന്നതാണ്. പുനരധിവാസ പുനഃസ്ഥാപന ആനുകൂല്യങ്ങൾ അർഹരായ കുടുംബങ്ങൾക്ക് അനുവദിക്കുന്നത് RFCTLARR നിയമത്തിലെ 43-ാം വകുപ്പ് പ്രകാരം നിയോഗിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കിയ പുനരധിവാസ, പുനഃസ്ഥാപന പദ്ധതി പ്രസ്തുത നിയമത്തിലെ 44-ാം വകുപ്പു പ്രകാരം നിയോഗിക്കപ്പെടുന്ന പുരനധിവാസ-പുനഃസ്ഥാപന കമ്മീഷണർ അംഗീകരിച്ചതിനുശേഷമാണ്.

**7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ.**

ഈ പദ്ധതിക്കുവേണ്ടി സർക്കാർ വകയിരുത്തിയിരിക്കുന്നത് 35.39 കോടി രൂപയാണ്.

**7.5 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ.**

നിലവിലുള്ള പദ്ധതിരേഖയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ട ആവശ്യകത കാണുന്നില്ല.

**7.6 ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.**

ഏറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ഇടപ്പള്ളി (സൗത്ത്) വില്ലേജിൽ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 3.1453 ഹെക്ടർ സ്ഥലമാണ് നിർദ്ദിഷ്ട പദ്ധതിയായ വെണ്ണല സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ടു നടത്തിയ സാമൂഹ്യ ആഘാത പഠനത്തിൽ കണ്ടെത്തിയ സാമൂഹ്യ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിനുള്ള ഒരു സാമൂഹ്യ പ്രത്യാഘാത നിയന്ത്ര പ്ലാനിന് രൂപംകൊടുത്തു.

1. **നഷ്ടപരിഹാരത്തെക്കുറിച്ചുള്ള ആശങ്ക.**

ഓരോ ഭൂമി ഏറ്റെടുക്കൽ നടപടിയിലും ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ ഒരു പ്രധാന ആശങ്ക എന്നത് അവർക്ക് നഷ്ടമാകുന്ന സ്ഥലത്തിനും, കുഴിക്കൂർ ചമയ

ങ്ങൾക്കും ന്യായമായ നഷ്ടപരിഹാരത്തുക ലഭിക്കുമോ എന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള ഭൂ ഉടമകളുടെ ആശങ്ക തീർത്തും അസ്ഥാനത്താണ്. കാരണം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യത യ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ 26 മുതൽ 30 വരെയുള്ള വകുപ്പുകൾ (പട്ടിക ഒന്ന് ) ന്യായമായ നഷ്ടപരിഹാര ത്തുക ബാധിക്കപ്പെടുന്ന ഓരോ വ്യക്തിക്കും / കുടുംബത്തിനും ലഭിക്കുവാൻ ഉറപ്പുവരുത്തുന്നു.

**2. കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾ.**

2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ ഒന്നാം പട്ടിക പ്രകാരമുള്ള നഷ്ടപരകി ഹാരത്തിനു പുറമെ കുടിയിറക്കപ്പെടുന്ന ഓരോ കുടുംബത്തിനും പ്രസ്തുത നിയമത്തിലെ രണ്ടാം പട്ടിക അനുസരിച്ചും സർക്കാറിന്റെ GO (MS) No. 448/2017/RD dt 29/12/2007 എന്ന ഉത്തരവ് അനുസരിച്ചും പുനരധിവാസ, പുനഃസ്ഥാപനങ്ങൾക്കുള്ള ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. ബാധിക്കപ്പെട്ട കുടുംബത്തിന് നഷ്ടപരിഹാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമെ സ്ഥലം ഏറ്റെ ടുക്കാൻ അധികാരമുള്ളൂ. നഷ്ടപരിഹാര തുക അവാർഡിന് ശേഷം മൂന്നു മാസ ത്തിലുള്ളിലും, പുനരധിവാസ, പുനഃസ്ഥാപനത്തിനുള്ള സാമ്പത്തിക ആനുകൂല്യം ആറുമാസത്തിനുള്ളിലും ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത നിയമത്തിൽ മൂന്നാം പട്ടി കയിൽ പ്രതിപാദിച്ചിരിക്കുന്ന അടിസ്ഥാന സേവന സൗകര്യങ്ങൾ അവാർഡു തിയ്യതി ക്കുശേഷം പതിനെട്ടു മാസത്തിനകം എല്ലാ അർത്ഥത്തിലും പൂർത്തീകരിക്കേണ്ട താണ്. ബാധിക്കപ്പെടുന്ന വ്യക്തികൾക്കോ, കുടുംബങ്ങൾക്കോ അനുവദിക്കപ്പെട്ടി ട്ടുള്ള നഷ്ടപരിഹാരതുകയും, പുനരധിവാസ, പുനഃസ്ഥാപന ആനുകൂല്യങ്ങളും ന്യായവും മുതാര്യവുമായ രിതിയില്ല എന്നാക്ഷേപമുണ്ടെങ്കിൽ പ്രസ്തുത നിയമത്തിലെ 51-ാം വകുപ്പ് അനുസരിച്ച് സ്ഥാപിക്കപ്പെട്ടിട്ടുള്ള പുനരധിവാസ, പുനഃസ്ഥാപന അതോറിറ്റിക്ക് സമർപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ ഓഫീ സർക്ക് (എൽ.എ.ഒ) മേൽ നിയമത്തിലെ 64 - ാം വകുപ്പ് പ്രകാരമുള്ള ഒരപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ നൽകേണ്ടതും, ആയത് 30 ദിവസത്തിനകം പ്രസ്തു അതോറിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ് . ഇത്തരം അപേക്ഷകളിൽ 60 ദിവ സത്തിനകം അതോറിറ്റി അവാർഡു പാസ്സാക്കേണ്ടതാണ്. അർത്ഥനാധികാരിക്കോ അല്ലെങ്കിൽ 69-ാം വകുപ്പനുസരിച്ച് അതോറിറ്റി പാസാക്കിയിട്ടുള്ള ആവാർഡിന്മേൽ അക്ഷേപമുള്ള ഏതൊരു തൽപ്പര കക്ഷിക്കും അവാർഡ് പാസ്സാക്കിയ തിയ്യതി

മുതൽ 60 ദിവസത്തിനകം ബഹു. ഹൈക്കോടതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

**7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പു നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം.**

ഇല്ല.

## അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാതസ ദൂരീകരണ പദ്ധതി

### 8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും.

ഭൂമി ഏറ്റെടുക്കിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസ, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം-2013, ഇതിനോടനുബന്ധിച്ചുള്ള കേരള ചട്ടങ്ങൾ എന്നിവ പ്രകാരവും ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ എന്നിവ സ്ഥാന ഘടനകളെയും നടപ്പിലാക്കുന്നതിനുമുള്ള പ്രധാന വ്യക്തിയേയും വിഭാവനം ചെയ്യുന്നു.

സാമൂഹ്യ പ്രത്യാഘാത പഠനത്തോടൊപ്പം തന്നെ തയ്യാറാക്കുന്ന സാമൂഹ്യപ്രത്യാഘാത നിയന്ത്രണ പദ്ധതി ഫലപ്രദമായി നടപ്പിലാക്കാനും 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് കേരള സർക്കാർ വളരെ സുസ്ഥാപിതമായ ആസൂത്രണമാണ് ചെയ്തിട്ടുള്ളത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ബാധിക്കപ്പെടുന്ന വ്യക്തികൾക്കോ, കുടുംബങ്ങൾക്കോ കൂടുതൽ നഷ്ടപരീഹാരവും മെച്ചപ്പെട്ട പുനരധിവാസ പുനഃസ്ഥാപന ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ GO (MS) No. 485/2015/RD dt 23/9/2015 എന്ന ഉത്തരവിലൂടെ ഒരു നയത്തിന് (Poliocy) രൂപം കൊടുക്കുകയുണ്ടായി. പ്രസ്തുത സർക്കാർ ഉത്തരവു പ്രകാരം പ്രസിദ്ധപ്പെടുത്തിയ നയം കേരള ചീഫ് സെക്രട്ടറി, നിയമ സെക്രട്ടറി, റവന്യൂവകുപ്പ് സെക്രട്ടറി, ഭരണ വകുപ്പ് സെക്രട്ടറി, ധന വകുപ്പ് സെക്രട്ടറി, എന്നിവരടങ്ങുന്ന ഒരു സംസ്ഥാനതല അധികാര കമ്മിറ്റിക്ക് രൂപം നൽകി. സർക്കാറിന്റെ പ്രസ്തുത നയ പ്രകാരംതന്നെ ജില്ലാ തലത്തിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസ-പുനഃസ്ഥാപന കമ്മിറ്റിക്കും രൂപം കൊടുത്തു. പ്രസ്തുത കമ്മിറ്റിയിൽ ജില്ലാ കളക്ടർ, പുനരധിവാസ-പുനഃസ്ഥാപനത്തിനുള്ള അഡ്മിനിസ്ട്രേറ്റർ, പൊന്നുംവില തഹസിൽദാർ, അർഥനാധികാരി, ബന്ധ

പ്പെട്ട പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പ്രതിനിധികൾ എന്നിവരടങ്ങിയതാണ് പ്രസ്തുത കമ്മിറ്റി. 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 43-ാം വകുപ്പനുസരിച്ച് നിയോഗിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്ററിലാണ് പുനരധിവാസ - പുനഃസ്ഥാപനത്തിനുള്ള പദ്ധതി രൂപീകരണവും അത് നടപ്പിലാക്കാനുള്ള മേൽനോട്ടം വഹിക്കാനുമുള്ള അധികാരം നിക്ഷിപ്തമായിരിക്കുന്നത്. പ്രസ്തുത സ്കീമിന്റെ രൂപീകരണത്തിനു മേൽനോട്ടം വഹിക്കുക, അങ്ങിനെയുള്ള സ്കീമുകളുടെയോ, പ്ലാനുകളുടെയോ ശരിയായ നടത്തിപ്പിനും ഉത്തരവാദപ്പെട്ടിരിക്കുന്നത് 2013 ലെ നിയമത്തിലെ 43-ാം വകുപ്പനുസരിച്ച് നിയമിക്കപ്പെടുന്ന പുനരധിവാസ-പുനഃസ്ഥാപന കമ്മീഷണർ എന്നവർക്കാണ്. പദ്ധതി നടത്തിപ്പിന് ശേഷമുള്ള സോഷ്യൽ ഓഡിറ്റിംഗിന്റെ ഉത്തരവാദിത്വവും പുനരധിവാസ-പുനഃസ്ഥാപന കമ്മീഷണറിൽ നിക്ഷിപ്തമാണ്. ഭൂമി ഏറ്റെടുക്കലുമായുള്ള ഉത്തരവാദിത്വം സ്പെഷ്യൽ തഹസിൽദാർ, എൽ.എ, നം.1 കൊച്ചി, മെട്രോ റയിൽ പ്രൊജക്ട്, കാക്കനാട് എന്നവർക്കാണ്. 2013 ലെ ആക്ടിന്റെ വകുപ്പുകളനുസരിച്ച് ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വില നിർണ്ണയിക്കേണ്ടത് പ്രസ്തുത നിയമത്തിന്റെ 26-ാം വകുപ്പ് പ്രകാരം ബന്ധപ്പെട്ട പൊന്നുംവില തഹസിൽദാർ ആണ്. ഏറ്റെടുക്കേണ്ട ഭൂമിയിലെ ചമയങ്ങൾക്ക് വില നിർണ്ണയിക്കേണ്ടത് വകുപ്പ് 29 (1) പ്രകാരം ബന്ധപ്പെട്ട വകുപ്പിലെ യോഗ്യരായ എഞ്ചിനിയർമാരും വൃക്ഷങ്ങളുടെയും മറ്റും നഷ്ടപരിഹാരം കണക്കാക്കേണ്ടത് 29 (2) വകുപ്പ് പ്രകാരം കൃഷിവകുപ്പിൽ നിന്നോ വനംവകുപ്പിൽ നിന്നോ, ഉദ്യാന നിർമ്മാണത്തിലോ, പട്ടുനൂൽ പുഴു വളർത്തലുമായി ബന്ധപ്പെട്ട യോഗ്യതയുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തിയായിരിക്കണം. എന്നാൽ നിലവിലുള്ള വിളകളുടെ വില നിശ്ചയിക്കേണ്ടത് വകുപ്പ് (29 (3) പ്രകാരം കൃഷി വകുപ്പിൽ നിന്നുള്ള യോഗ്യരായവരുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ടായിരിക്കണം.

### 8.2 ഗവൺമെന്റിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിശദമാക്കുക.

കിഫ്ബിയിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) എന്ന സ്ഥാപനമാണ് പദ്ധതി നടപ്പാക്കുന്നത്.

### 8.3 സാങ്കേതിത സഹായം ഉൾപ്പെടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ, കാര്യക്ഷമതാ ശേഷിയോ ആവശ്യാമയി വരുന്നുണ്ടെങ്കിൽ വിവരിക്കുക.

കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നത് കൊച്ചി മെട്രോ റെയിൽ ലിമിററഡ് (KMRL) എന്ന സ്ഥാപനമാണ്.

### 8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം.

ഭൂമി ഏറ്റെടുക്കൽ നടപടികളിലെ ഓരോ പ്രവർത്തനവും 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ വ്യവസ്ഥകളനുസരിച്ചും, പ്രസ്തുത വ്യവസ്ഥകൾ സുതാര്യമായി നടപ്പിലാക്കുന്നതിന് 2015 ൽ രൂപം കൊടുത്തിട്ടുള്ള RFCTLARR (കേരള) ചട്ടങ്ങൾ അനുസരിച്ചുമായിരിക്കും.

## അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപിടകളും

### 9.1 പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനും വേണ്ടിവരുന്ന ചിലവ്.

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ കുടുംബങ്ങളുടെ വീടിനെ ഭാഗികമായോ മുഴുവനായോ ബാധിക്കുന്നുണ്ട്. അത്തരത്തിൽ കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് പുറമെ പദ്ധതി പ്രദേസത്തുള്ള കച്ചവടസ്ഥാപനങ്ങൾ മുഴുവനായോ ഭാഗികമായോ ബാധിക്കുന്നതുകൊണ്ട് അത്തരം സ്ഥാപനങ്ങളുടെ വാടക നടത്തിപ്പുകാർക്കും അവിടെ ജോലിചെയ്തുവരുന്ന തൊഴിലാളികൾക്ക് RFCTLARR നിയമത്തിലെ രണ്ടാം പട്ടിക പ്രകാരവും സർക്കാറിന്റെ 29/12/2017 തിയ്യതിയിലെ ജി.ഒ. (എം.എസ്) നമ്പർ 448/2017/ആർ.ഡി അനുസരിച്ചുള്ള പുനരധിവാസ, പുനഃസ്ഥാപന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. കൂടാതെ പുനരധിവസിക്കപ്പെടുന്ന കുടുംബങ്ങൾക്ക് പുനരധിവാസ കേന്ദ്രത്തിൽ ഉണ്ടായിരകിക്കേണ്ട അടിസ്ഥാന സേവന സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടത് അർത്ഥനാധികാരിയുടെ ഉത്തരവാദിത്വമാണ്. പുനരധിവാസ-പുനഃസ്ഥാപന ആനുകൂല്യങ്ങളുടേയും, അടിസ്ഥാന സേവന സൗകര്യങ്ങൾക്കും വേണ്ടി വരുന്ന ചിലവ് നിർണ്ണയിക്കുന്നത്, ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 43-ാം വകുപ്പ അനുസരിച്ച് നിയമിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റർ സർവ്വെ നടത്തി തയ്യാറാക്കുന്ന ഒരു കർമ്മപരിപാടിയുടെ അടിസ്ഥാനത്തിലായണ്. അത്തരത്തിലുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കിയെങ്കിൽ മാത്രമെ പുനരധിവാസ-പുനഃസ്ഥാപനത്തിനു വേണ്ടി വരുന്ന യഥാർത്ഥ ചെലവ് തിട്ടപ്പെടുത്താൻ സാധിക്കുയുള്ളൂ.

### 9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും.

ലഭ്യമല്ല.

### 9.3 സാമ്പത്തിക സ്രോതസ്സ്.

KIFFB യിൽ നിന്നുള്ള ധനസഹായത്താൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന സ്ഥാപനമാണ് പ്രവർത്തി നടത്തുന്നത്.

## അദ്ധ്യായം 10

# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി

### 10.1 മേൽനോട്ടവും മൂല്യനിർണ്ണയവും.

ഭൂമി ഏറ്റെടുക്കൽ നടപടികളിൽ ഏറ്റെടുക്കുന്ന സ്ഥലത്തിന്റെയും വസ്തുവിലെ കുഴിക്കൂർ ചമയങ്ങളുടെയും മൂല്യ നിർണ്ണയം നടത്തുന്നത് നിയമത്തിലെ 26 മുതൽ 30 വരെയുള്ള വകുപ്പുകളനുസരിച്ചു ബന്ധപ്പെട്ട പൊന്നുംവില തഹസിൽദാരും മറ്റു സർക്കാർ വകുപ്പുകളുമാണ്. ഈ നടപടിക്രമങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാകളക്ടറുടെ മേൽനോട്ടവുമുണ്ടായിരിക്കും. ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പ്രസ്തുത നിയമമനുസരിച്ചു ലഭിക്കാവുന്ന നഷ്ടപരിഹാരത്തേക്കാൾ കൂടുതൽ ലഭിക്കുന്നതിനും, മെച്ചപ്പെട്ട പുനരധിവാസ പുനഃസ്ഥാപന ആനുകൂല്യങ്ങൾ ബാധിക്കപ്പെട്ട കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ GO (MS) No. 485/2015/RD dt 23-9-2015 എന്ന നമ്പർ ഉത്തരവ് പ്രകാരം ഒരു സർക്കാർ നയം (policy) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നയമനുസരിച്ച് കുടിയൊഴിപ്പിക്കേണ്ടി വരുന്ന സ്ഥലം ഏറ്റെടുക്കൽ നടപടികളിൽ, സർക്കാർ ഒരു ഡപ്യൂട്ടി കളക്ടറെ പുനരധിവാസ-പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്ററായി നിയമിക്കേണ്ടതും സമുചിത ഗവൺമെന്റിന്റേയും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണം, നടപ്പിലാക്കൽ, മേൽനോട്ടം എന്നിവ RFCTLARR നിയമത്തിലെ 43-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്ററുടെ ചുമതലയായിരിക്കും. പ്രസ്തുത നിയമത്തിലെ 44-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന പുനരധിവാസ പുനഃസ്ഥാപന കമ്മീഷണർ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമുകളുടേയോ, പ്ലാനുകളുടേയോ രൂപീകരണത്തിന് മേൽനോട്ടം വഹിക്കുന്നതിനും, അങ്ങിനെയുള്ള സ്കീമുകളുടേയോ പ്ലാനുകളുടേയോ ശരിയായ നടത്തിപ്പിനും ഉത്തരവാദിയാണ്. പ്രസ്തുത ഉത്തരവിലൂടെ സർക്കാർ സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും ഓരോ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയെ തരംതിരിച്ചു ഭൂഉടമകളുമായി

കൂടിയാലോചിച്ച് സ്ഥലവിലയിൽ ഒരു സമവായത്തിലെത്തി സംസ്ഥാനതല കമ്മിറ്റിയുടെ അംഗീകാരത്തിന് വിടുകയാണ് ജില്ലാതല കമ്മിറ്റിയുടെ ചുമതല. ജില്ലതല കമ്മിറ്റിയിൽ നിന്നും ലഭിച്ച റിപ്പോർട്ടു പരിശോധനക്കുശേഷം ആവശ്യമായ മാറ്റങ്ങളോടു കൂടി അംഗീ കരിച്ചു മറ്റുനടപടികളിലേക്ക് ജില്ലാകമ്മിറ്റിക്കുതന്നെ സംസ്ഥാനതല കമ്മിറ്റി അയച്ചുകൊടു ക്കുന്നു. അങ്ങിനെയുള്ള പാക്കേജ് ഭൂഉടമകളുമായി ചർച്ചചെയ്തശേഷം ഓരോ വ്യക്തി യിൽനിന്നും ഏറ്റെടുക്കേണ്ട സ്ഥലം റജിസ്റ്റർ ചെയ്തു ഏറ്റെടുക്കുകയാണ് ഈ നയത്തി ലൂടെ (policy) സർക്കാർ ലക്ഷ്യമിടുന്നത് ഇത് ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടു ത്താനും. കാലതാമസം കൂടാതെ നഷ്ടപരിഹാരം ലഭിക്കാനു പ്രയോജനപ്പെടുന്ന താണ്.

ഇത്തരം ഭൂമി ഏറ്റെടുക്കൽ നടപടികളിലൂടെ, ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ വ്യവസ്ഥകള നുസരിച്ചു ഏറ്റെടുക്കുന്ന സ്ഥലത്തുനിന്നും കുടിയൊഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ പുനരധിവാസ, പുനഃസ്ഥാപനത്തിനായി സർക്കാർ പ്രസ്തുത നിയമത്തിലെ 43-ാം വകു പ്പിനു വിധേയമായി GO (P) No. 590/2015/RD dt 11-11-2015 പ്രകാരം ഓരോ കലട്രേറ്റിലേയും ഭൂമി ഏറ്റെടുക്കൽ വിഭാഗം ഡപ്യൂട്ടി കളക്ടറെ പുനരധിവാസ പുനഃസ്ഥാപന അഡ്മിനി സ്ട്രേറ്ററായി നിയമിച്ചിട്ടുണ്ട്. സമുചിത ഗവൺമെന്റിന്റേയും പുനരധിവാസ പുനഃസ്ഥാപന ത്തിനുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണത്തിനും വിധേയമായി പുനരധിവാസ പുനഃസ്ഥാപനത്തിനുള്ള പദ്ധതിയുടെ രൂപീകരണം, നടപ്പിലാ ക്കൽ, മേൽനോട്ടം എന്നിവ അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമാണ്. RFCTLARR നിയമത്തിലെ 44-ാം വകുപ്പിന് വിധേയമായി നിയമിക്കപ്പെട്ട പുനരധിവാസ പുനഃസ്ഥാപന കമ്മീഷണർ, പുനരിധിവാസത്ിനും പുനഃസ്ഥാപനത്തിനുമുള്ള പദ്ധതികളുടേയോ, പ്ലാനുകളുടേയോ രൂപീകരണത്തിന് മേൽനോട്ടം വഹിക്കുന്നതിനും അങ്ങിനെയുള്ള പദ്ധതികളുടേയോ പ്ലാനുകളുടേയോ ശരിയായ നടത്തിപ്പിന് ഉത്തരവാദിയായിരിക്കുന്നതാണ്. കൂടാതെ ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമസഭയുമായും പട്ടണപ്രദേശങ്ങളിൽ മുൻസിപ്പാലിറ്റിയുമായും പര്യാലോ ചിച്ച് പദ്ധതി നടത്തിപ്പിനുശേഷമുള്ള സോഷ്യൽ ആഡിറ്റിന്കൂടി ഉത്തരവാദിയാണ്. ഏറ്റെടു ക്കാനുദ്ദേശിക്കുന്ന ഭൂമി നൂറ് ഏക്കറോ അതിൽ കൂടുതലോ ആണെങ്കിൽ അതത് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ RFCTLARR നിയമത്തിലെ 45-ാം വകുപ്പനുസരിച്ച് പുനരധിവാ സ-പുനഃസ്ഥാപന കമ്മിറ്റിക്ക് രൂപം കൊടുക്കാവുന്നതാണ്. ഈ കമ്മിറ്റി പുനരധിവാസ- പുനഃസ്ഥാപന പദ്ധതിയുടെ പുരോഗതി മോണിറ്റർ ചെയ്യുകയും അവലോകനം ചെയ്യു

കയും പുനരധിവാസ-പുനഃസ്ഥാപന പദ്ധതിയുടെ നടത്തിപ്പിന് ശേഷമുള്ള സോഷ്യൽ ആഡിറ്റിംഗ് നിർവ്വഹിക്കേണ്ടതുമാണ്.

ഭൂമി ഏറ്റെടുക്കൽ നടപടികളിൽ കുടിയൊഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ പുനരധിവാസ, പുനഃസ്ഥാപനത്തിനുവേണ്ടി RFCTLARR നിയമത്തിലെ 48-ാം വകുപ്പ് പ്രകാരം ഒരു ദേശീയ മോണിറ്ററിംഗ് കമ്മിറ്റിയും 50-ാം വകുപ്പനുസരിച്ച് ഒരു സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിക്കേണ്ടതായിട്ടുണ്ട്.

## 10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസ, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വിവിധ വലകുപ്പുകളനുസരിച്ചും 2015 ൽ പ്രസ്തുത നിയമത്തിനായി രൂപം കൊടുത്ത കേരള ചട്ടങ്ങളുടേയും, 23-9-2015 ന്റെ GO (MS) No. 485/2015/RD dt 23-9-2015 പ്രകാരമുള്ള സർക്കാർ നയത്തിന്റേയും അടിസ്ഥാനത്തിലാണ് റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും നടപ്പിലാക്കുന്നത്.

## 10.3 സ്വതന്ത്ര മൂല്യനിർണ്ണയം.

സ്വതന്ത്രമായ ഒരു മൂല്യനിർണ്ണയം വിഭാവനം ചെയ്യുന്നില്ല. RFCTLARR ആക്ട് 2013 ലെ വിവിധ വകുപ്പുകൾ പ്രകാരമാണ് ബന്ധപ്പെട്ട അധികാരികൾ സ്ഥലം ഏറ്റെടുക്കൽ നടപടികൾ കൈക്കൊള്ളുന്നത്.

# അദ്ധ്യായം 11

# നേട്ടങ്ങളും നഷ്ടങ്ങളും

# അപഗ്രഥനം - ശുപാർശകൾ

**11.1 പൊതുആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറഞ്ഞ സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്താനുള്ള സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ തീരുമാനം.**


ഏറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ഇടപ്പള്ളി (സൗത്ത്) വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 3.1453 ഹെക്ടർ സ്ഥലമാണ് വെണ്ണല സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കുവാൻ സർക്കാർ തിരുമാനിച്ചിരിക്കുന്നത്.

പാലച്ചുവട് റോഡിൽനിന്ന് ഏതാണ്ട് 200 മീറ്റർ മാറിയാണ് നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടിയുള്ള സ്ഥലം സ്ഥിതിചെയ്യുന്നത്. ഇത് കുറ്റിച്ചെടുകളും മറ്റു ചെറിയ പടുവൃക്ഷങ്ങളും നിറഞ്ഞ പരന്നു കിടക്കുന്ന സ്ഥലമാണ്. നിർദ്ദിഷ്ട പദ്ധതി പ്രദേശത്തേക്ക് ഇപ്പോൾ വഴികളൊന്നുമില്ല. പാലച്ചുവട് റോഡിൽ നിന്നും പദ്ധതി പ്രദേശത്തേക്കു റോഡു നിർമ്മാണത്തിനു കൂടി സ്ഥലം ഏറ്റെടുക്കുന്നുണ്ട്. ഈ പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ പതിനൊന്നു കൈവശ ഭുമികളെയാണ് ബാധിക്കുന്നത്. ഇതിൽ ഒന്നു പള്ളി വക സ്ഥലവും ബാക്കി വ്യത്യസ്ഥ കുടുംബങ്ങളുടെ കൈവശത്തിലുമാണ്. സ്ഥലവും കുഴിക്കൂറുകളും നഷ്ടപ്പെടുന്നതിന് പുറമെ ഏതാനും കുടുംബങ്ങളെ മാറ്റി താമസിപ്പിക്കേണ്ടതായും വരും. കുടുംബങ്ങളെ അവരുടെ താമസ സ്ഥലത്തുനിന്നും ഒഴിപ്പിക്കേണ്ടി വരുന്നത് സ്ഥലം ഏറ്റെടുക്കലിന്റെ തീവ്രത കൂട്ടുന്നുണ്ടെങ്കിലും, RFCTLARR നിയമമനുസരിച്ച് ലഭിക്കുന്ന നഷ്ടപരിഹാരവും GO (MS) No. 448/2017/RD dated 29/12/2017 പ്രകാരം ലഭിക്കുന്ന പുനരധിവാസ, പുനഃസ്ഥാപന ആനുകൂല്യങ്ങളും ബാധിത കുടുംബങ്ങൾക്കുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ ദൂരീകരിക്കാൻ പര്യാപ്തമാണ്. തികച്ചും ഒരു പൊതു ആവശ്യത്തിനുവേണ്ടി വിഭാവനം ചെയ്ത ഈ പദ്ധതിക്കുവേണ്ടി ഏറ്റവും കുറഞ്ഞ സ്ഥലം മാത്രമാണ് സർക്കാർ ഏറ്റെടുക്കുവാൻ ഉത്തരവായിട്ടുള്ളത്. അതുകൊണ്ടുതന്നെ നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി കുറഞ്ഞ സ്ഥാന ഭ്രംശം മാത്രമാണുണ്ടാകുന്നത്.

# അദ്ധ്യായം 12

# പബ്ലിക് ഹിയറിംഗ്

‘2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായപരമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം’ 5-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള പബ്ലിക് ഹിയറിംഗ് 04/7/2024 ഉച്ചയ്ക്ക്ശേഷം 2 മണിക്ക് വെണ്ണല അഭയമാതാ ചർച്ചിലെ ഹാളിൽ നടക്കുകയുണ്ടായി. 2015 ലെ RFCTLARR (കേരള) ചട്ടങ്ങളിലെ ചട്ടം 14 ൽ അനുശാസിക്കുന്ന അഞ്ചാം നമ്പർ ഫോറത്തിൽ പദ്ധതി പ്രദേശത്ത് പ്രചാരത്തിലുള്ള 16/6/2024 ലെ ജനയുഗം ദിനപത്രത്തിലും, 17/6/2024 ലെ വീക്ഷണം ദിനപത്രത്തിലും പൊതുവിചാരണയുടെ (Public hearing) വിവരം പദ്ധതി ബാധിത കുടുംബങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുകയുണ്ടായി.



ഫോറം നം. 5, ചട്ടം 14(1) കാണുക

No. 2/SIA/VKC/2024

**നോട്ടീസ്**

ഇതോടൊപ്പം പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് വെണ്ണല സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിനായി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യമുള്ളതിനാൽ ബന്ധപ്പെട്ട സ്ഥലത്ത് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി RFCTLARR ആക്ട് 4(1) വകുപ്പ് പ്രകാരം വാല്യം 13, 338-ാം നമ്പറായി 27-01-2024 ന് സർക്കാർ ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. അപ്രകാരം നടത്തിയ പഠനത്തിന്റെ കരട് റിപ്പോർട്ട് നിയമാനുസൃതം പരസ്യപ്പെടുത്തിയിട്ടുള്ളതും, അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 04.07.2024 ന് ഉച്ചക്ക് 2 മണിക്ക് വെണ്ണല അഭയമാതാ ചർച്ച് പരിസരത്ത് നടക്കുന്ന പൊതുവിചാരണ (Public hearing)യിൽ ബന്ധപ്പെട്ട എല്ലാവരും പങ്കെടുക്കുവാൻ താത്പര്യപ്പെടുന്നു.

| ജില്ല | താലൂക്ക് | വില്ലേജ് | സർവ്വെ നമ്പറും വിസ്തീർണ്ണവും |
|---|---|---|---|
| എറണാകുളം | കണയന്നൂർ | ഇടപ്പള്ളി (സൗത്ത്) | വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 3.1453 ഹെക്ടർ സ്ഥലം |

(ഒപ്പ്)
ചെയർമാൻ
വി. കെ. കൺസൽട്ടൻസി സെന്റർ
തിക്കോടി, കോഴിക്കോട്

ജനയുഗം ദിനപത്രം 16/6/2024

No. 2/SIA/VKC/2024

## നോട്ടീസ്

ഇതോടൊപ്പം പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതുആവശ്യത്തിന്, അതായത് വെണ്ണല സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമാണത്തിനായി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യമുള്ളതിനാൽ ബന്ധപ്പെട്ട സ്ഥലത്ത് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി RFCTLARR ആക്ട് 4(1) വകുപ്പ് പ്രകാരം വാല്യം 13, 338-ാം നമ്പറായി 27.01.2024ന് സർക്കാർ ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. അപ്രകാരം നടത്തിയ പഠനത്തിന്റെ കരട് റിപ്പോർട്ട് നിയമാനുസൃതം പരസ്യപ്പെടുത്തിയിട്ടുള്ളതും അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 04.07.2024ന് ഉച്ചയ്ക്ക് 2 മണിക്ക് വെണ്ണല അഭയമാതാ ചർച്ച് പരിസരത്ത് നടക്കുന്ന പൊതുവിചാരണ (Public hearing)യിൽ ബന്ധപ്പെട്ട എല്ലാവരും പങ്കെടുക്കുവാൻ താത്പര്യപ്പെടുന്നു.

| ജില്ല | താലൂക്ക് | വില്ലേജ് | സർവെ നമ്പറും വിസ്തീർണ്ണവും |
|---|---|---|---|
| എറണാകുളം | കണയന്നൂർ | ഇടപ്പള്ളി (സൗത്ത്) | വിവിധ സർവെ നമ്പറുകളിൽപ്പെട്ട 3.1453 ഹെക്ടർ സ്ഥലം |

(ഒപ്പ്) ചെയർമാൻ
വി.കെ കൺസൽട്ടൻസി സെന്റർ
തിക്കോടി, കോഴിക്കോട്

വീക്ഷണം ദിനപത്രം 17/6/2024

04/7/2024 ന് നടന്ന പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവർ :

വെണ്ണല ബിവറേജ് പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവർ

സ്ഥലം : അഭയമാതാ പള്ളി വെണ്ണല

തീയതി 04-07-2024
സമയം 2 PM

1/ TM, NAZAR
2) Salty Raphael / Anailthasil Raphael
3, STEPHEN . V. C
4, Santhosh Joseph
5. Runcy George
6. C-R-Joseph
7. ABHAYAMATHA CHURCH Ansalin
8. Contour Readymix Soby. C. Madathil
9. Contour Readymix Sony. C. Madathil
10. Contour Readymix Sony. C. Madathil
11. OMANA ARIYAPPAN
12/ Lilly Joseph
13, OMANA PRABHAKARAN
14 Jessy Augustine Spl. Tho LA No: 1
15. Mohandas Pillai Sr Consultant LA KMRL
16. Eldho Thomas, DGM-CIVIL, KMRL 04.07.24
17. V.K Balan Chairman SIA Study

യോഗത്തിൽ പങ്കെടുത്ത എല്ലാ ബാധിത കുടുംബങ്ങളും തത്വത്തിൽ നിർദ്ദിഷ്ട പദ്ധതിയെ അനുകൂലിക്കുകയുണ്ടായി. എന്നാൽ പദ്ധതിയുടെ രൂപരേഖയെക്കുറിച്ചും, നഷ്ട പരിഹാരത്തെക്കുറിച്ചും അവർക്ക് ആശങ്കകളും ഉണ്ടായിരുന്നു. അത്തരം ആശങ്കകൾക്ക് യഥാക്രമം അർത്ഥനാധികാരിയുടെ ഓഫീസിൽ നിന്നും പങ്കെടുത്ത ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. എൽദോ തോമസും, പൊന്നുംവില തഹസിൽദാർ ശ്രീമതി. ജസ്സി ഓഗസ്റ്റിനും വ്യക്തമായ മറുപടി നൽകി. യോഗത്തിൽ രണ്ടു ബാധിത കുടുംബങ്ങളിൽ നിന്നും ഓരോ പരാതി വീതം ലഭിക്കുകയും ആയത് അർത്ഥനാധികാരിയുടെ അറിവിലേക്കും അഭിപ്രായങ്ങൾക്കും വേണ്ടി അയച്ചുകൊടുത്തു.







KLCA
4 Jul 2024 2:04:25 pm
82° E
Thevarmadom Road
Vennala
Kochi
Kerala
Altitude:-84.8m


4 Jul 2024 2:22:35 pm
219° SW
Thevarmadom Road
Vennala


KLCA
4 Jul 2024 2:23:00 pm
121° SE
Vennala
Kochi
Kerala
Altitude:-90.2m


4 Jul 2024 2:04:19 pm
Thevarmadom Road
Vennala
Siddique (actor)
PALACHU


4 Jul 2024 2:22:46
Thevarmadom R
Siddique (actor)
PALACHU

**പൊതുവിചാരണയിൽ ലഭിച്ച രണ്ടു പാരാതികളും, അതിന്മേൽ അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച അഭിപ്രായങ്ങളും താഴെ കൊടുക്കുന്നു.**

CONTOUR
READYMIX PRIVATE LIMITED

05/07/2024

To,

Chairman

Veekay Consultancy Centre,

Panchayat Bazar, Thikkodi,

Kozhikode – 673529.

Sub : Objection regarding the alignment of Kochi Water Metro Project.

Ref : JOB No. 21373/DWG No. 373.

Sir,

We are a private limited company engaged in manufacturing and supply of readymix concrete for civil construction.

The company was started in the year 2003. The establishment of the company is situated in 110 cents of land comprised in Sy. No. 110/3B and 110/2-1 of Edapally South Village in Kanayanur Taluk.

Manufacturing and processing machineries/equipments such as Batching plant, Cement silo, materials stock yard, Conveyor bin, loader ramp etc are situated in the said property.

Nearly 50 employees are working in the company and eking their livelihood from the employment.

33/365B, Palachuvadu Road, Vennala P.O., Cochin - 682 028
Phone : 0484 4019977, 9447014577, E-mail: contourreadymix@gmail.com
GSTIN: 32AACCC1307M1Z2

We are also part and instrumental to main construction in Ernakulam district namely, Kochi Metro, Kochi Refinery and Cochin Shipyard etc.

It is understood that Kochi Water Metro Project is undertaken and implemented by Kochi Metro Rail Ltd.

The alignment of the said water metro project, proceeds through the property of the company as per the above referred drawing. By the said alignment about 40 cents of the property in the East and about 10 cents of property in North (total about 50 cents) of the company where the establishment is situated, is earmarked for acquisition.

It is also understood that such an extent of land proposed to be acquired, is for road and beautification purposes of the project etc. If such an extent of land is acquired, it would affect the existence of our company and its operation should be stopped.

At the same time, other properties situated immediately before and after our property, is available for acquisition without causing much difficulties or eviction of families etc. Hence it is also possible to avoid the property of the company from acquisition, by making minor alterations in the alignment/drawing of the Water Metro Project in the particular area. That will save much money for paying compensation and also save the employment of nearly 50 employees. It is also understood that the property is acquired for the purpose of providing a road to a proposed water treatment plant for the project. But there is an alternative road, having access to the place where the water treatment plant is proposed. So it is possible to exempt our property from acquisition, by using the alternative access available.

Shifting of our company is also not possible in getting appropriate place to locate the manufacturing unit of the company. Further, that would lead to objection from the neighbours and require lot of permission/consent from various authorities. Moreover, the present financial condition of the company does not permit for shifting the entire factory/company to another place.

Therefore we humbly request your good self the following

1. To exclude the property of the company in Sy. No. 110/3B & 110/2-1 of Edapally South Village from acquisition for the water metro project.

2. To make necessary alterations in the present alignment/drawing of the water metro project in the above referred drawing with regard to the above said property of the company.

3. Alternatively acquire a minimum extent property for the project, enabling us to continue the company and its operations in the remaining property.

Vennala,
~~11/12/202~~1.
05/07/2024

Yours Faithfully,
For Contour Readymix Pvt. Ltd

Sony C. Madathil
Managing Director.

Submitted to the General Manager KMRL for remarks

Babu
Chairman,
Vyttila Consultancy Centre

## അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച പരാതിയിന്മേലുള്ള അഭിപ്രായം

Annexure 1

### KMRL Remarks for the Concern by Land Owner 1 (Contour Ready Mix Pvt. Ltd)

As per the concern raised by the land owner, it was requested to exclude the property of the owner from the proposed acquisition plan or to make necessary alterations in the present alignment.

Canal Metro Project is the lifesaving project of city of Kochi reeling under continuous floods even for small rains and the project aims at flood mitigation by bringing back the erstwhile glory of 6 canals and make them navigable. At present all the canals are highly silted and polluted by domestic waste, commercial waste, construction waste, weeds growth and other sources. As part of the project, KMRL envisages to carry out the activities like Cleaning, Dredging & Widening of canals, Bank Protection, Reconstruction of Road Bridges, Sanitary Sewer Line & Sewage Treatment Plants, Sanitation Facilities, Boat Terminals etc. After detailed surveys, it was identified that the root cause for the dilapidated canals where navigation is envisaged, is undeterred discharge of sewage into the canals and unless and until the discharge of sewage is stopped, the canal rejuvenation will not be sustainable. Accordingly, KMRL has proposed 4 nos. of Sewage Treatment Plants for the implementation of Canal Metro Project out of which the Vennala STP and Muttar STP are located adjacent to Edapally Canal.

It may please be noted that the subject land is being acquired as part of the construction of access road to the proposed Vennala STP location as well as for the canal oriented development works of Edapally Canal. Earlier, the land acquisition proposal for the development of Edapally Canal was approved by Govt back in February 2021.One of the major impediments in the commencement of construction activities for the development of Edapally Canal is due to the delay in the acquisition of land. Further, the Hon. High Court of Kerala and National Green Tribunal has already raised concern regarding the contamination of Edapally Canal. The fate of this project depends on the timely completion of land acquisition and the Land Acquisition Officer is expeditiously moving forward with the LA activities.

Hence, identifying an alternate land / reducing the extend of the land already requisitioned will result in huge loss to Govt. for all the expenses incurred till date and further the implementation of the Kochi city's lifesaving project will get inordinately delayed. In this context, the revision in already approved proposal may question the sanctity of the project.

However, KMRL has taken due consideration regarding the concern raised by the land owner and has reviewed the LA proposal in detail and accordingly revised the alignment with the minimum required land for the - construction of approach road to STP, Canal bank development including reconstruction of Palachuvadu Bridge. Refer revised alignment plan which is technically feasible for the execution of the project enclosed as **Folio_1** for your ready reference.

In the letter, the land owner has mentioned acquisition proposal of 50 cents of land which is **not true** since, only 22.50 cents of land parcel is being acquired as per the approved alignment plan. Now, as per the revised alignment plan, an extent of approximately 18 cents of land shall be acquired which is essential for the implementation of this project.

Kindly note that KMRL has no objection in going forward with this revised proposal subject to the approval of Land Acquisition Officer and taking due cognizance of LA procedures at this stage of acquisition as per LARR Act.

Reg: The request for surrendering 11.115 cents( 4.5 ares) of land in sy.no.110/1 & 108/12 in Edappally South Village, Kanayanur Taluk,Ernakulam (Dt)

Ref: The meeting conducted by M/s Veekay Consultancy Centre on 4.7.2024 at Abhayamata Church hall ,Vennala in connection with Metro Project of KMRL.

With reference to the above we are furnishing the following for your consideration and favourable disposal.Referred 4.5 ares of land is earmarked by us for the construction of cemetery for the parishioners of Abhaya Matha Church,Vennala.Presently church is not having cemetery. If we have to surrender the referred land for the construction of road to the proposed sewage treatment plant, please allot equivalent land to us which we need urgently for construction of cemetery.

Yours faithfully,

Fr.Thadevus Babu Vavakatt
Vicar,
Abhayamatha Church,Vennala

Submitted to the General Manager (Canal) KMRL for remarks.

Chairman, Veekay Consultancy

### അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച പരാതിയിന്മേലുള്ള അഭിപ്രായം

**KMRL Remarks for the Concern raised by Land Owner 2 (Abhaya Matha Church)**

As per the concern raised by the land owner, it was requested to allot an alternate land for the construction of cemetery for the Church.

In this regard, it may please be noted that, there is no provision for allotment of alternate land for the Project Affected land owners under this project. Further, as detailed above, identifying an alternate land will result in huge loss to Govt. for all the expenses incurred till date and further the implementation of the Kochi city's lifesaving project will get inordinately delayed. In this context, the revision in already approved proposal may question the sanctity of the project.

Hence, KMRL proposes to go forward with the original Alignment Plan since the request raised by the land owner cannot be accommodated.

**ലഭിച്ച രണ്ടു പരാതികളിന്മേൽ അർത്ഥനാധികാരിയുടെ വ്യക്തമായ അഭിപ്രായത്തെ തുടർന്ന് തുടർ നടപടികൾ ആവശ്യമില്ല.**

### അന്തിമ റിപ്പോർട്ട് അവസാനിച്ചു ###